**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2969** **07.11.2019-ൽ മറുപടിക്ക്**

**ദേശീയപാതാ വികസനം**

| **ചോദ്യം**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ദേശീയപാതാ വികസനം സംബന്ധിച്ച കേന്ദ്രസർക്കാരിന്റെ പുതിയ തീരുമാനം അനുസരിച്ച്ചെലവിന്റെ എത്ര ശതമാനമാണ് കേന്ദ്രം വഹിക്കുന്നത് എന്നറിയിക്കാമോ; | (എ) | സംസ്ഥാനത്തെ ദേശീയപാതാ വികസനത്തിനായുള്ള സ്ഥലമേറ്റെടുക്കലിന് ആവശ്യമുള്ള തുകയുടെ 75% ഉം പദ്ധതിയുടെ മുഴുവൻ തുകയും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. |
| (ബി) | നിലവിൽ ദേശീയ പാതയിൽ അറ്റകുറ്റപ്പണിക്കായും പീരിയോഡിക്കൽ റിന്യൂവൽ റ്റ സർഫസിനു വേണ്ടിയും എത്ര തുക 2019-20 വർഷത്തിൽ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) & (സി) | 2019-20 സാമ്പത്തിക വർഷം ദേശീയപാതയുടെ അറ്റകുറ്റപ്പണിക്കായി ഓർഡിനറി റിപ്പയറിംഗിൽ 20.52 കോടി രൂപയും, ഫ്ലഡ് ഡാമേജ് റിപ്പയറിംഗിൽ 5 കോടി രൂപയും പീരിയോഡിക്കൽ റിന്യൂവൽ 11 പദ്ധതികൾക്കായി 178 കോടി രൂപയും കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. ഈ 11 പദ്ധതികളിലെ ഒരു പ്രവൃത്തിയാണ് ചങ്കുവെട്ടി മുതൽ കുറ്റിപ്പുറം വരെയുള്ള റീസർഫസിംഗ്. മേൽ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗതിയിലാണ്. |
| (സി) | കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽകൂടി കടന്നുപോകുന്ന ദേശീയ പാതയിൽ ചങ്കുവെട്ടി മുതൽ കുറ്റിപ്പുറം വരെ പുനരുദ്ധരിക്കുന്നതിന് ദേശീയപാതാ വിഭാഗം സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | | |
| (ഡി) | നിലവിലെ ദേശീയപാത പൂർണ്ണമായും തകർന്നകാര്യം സർക്കാർ പരിശോധിക്കുമോ; ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ? | (ഡി) | ചില ഭാഗങ്ങൾ കേടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ ദേശീയ പാതകളിൽ കേടുപാടുകൾ സംഭവിക്കുമ്പോൾ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കാറുണ്ട്. കൂടാതെ ശാശ്വത പരിഹാരമായി സ്ട്രെങ്ങ്തനിംഗ്/ പീരിയോഡിക്കൽ റിന്യൂവൽ പ്രവൃത്തികളും നടപ്പിലാക്കാറുണ്ട്. എന്നാൽ MORTH-ൽ നിന്നും ഇതിനെല്ലാമുള്ള ഫണ്ട് ലഭിക്കുന്നതിൽ വലിയ കാലതാമസം ഉണ്ടാകുന്നുണ്ട്. ലഭ്യമായ ഫണ്ടുകൾ ഉപയോഗിച്ച് മേൽ പറഞ്ഞ പ്രവൃത്തികൾ സംസ്ഥാന ദേശീയപാത വിഭാഗം നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ